കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 09.01.2012

# ശൂരനാട് കുഞ്ഞൻപിള്ള ഭാഷയുടെയും സാഹിത്യത്തിന്റെയും സർവ്വവിജ്ഞാനകോശം-ഡോ.ഡി.ബെഞ്ചമിൻ

തൃശ്ശൂർ-മലയാളം, സംസ്കൃതം, ഇംഗ്ളീഷ് ഭാഷകളിലും സാഹിത്യത്തിലും ചരിത്രത്തിലുമുള്ള ഏത് സംശയത്തിനും ഉടൻ മറുപടി നൽകിയിരുന്ന സർവ്വവിജ്ഞാനകോശമെന്ന് വിളിക്കാവുന്ന പ്രതിഭാശാലിയായിരുന്നു ശൂരനാട് കുഞ്ഞൻപിള്ളയെന്ന് നിരൂപകൻ ഡോ.ഡി.ബെഞ്ചമിൻ പറഞ്ഞു. ലീലാതിലകവും ഉണ്ണുനീലിസന്ദേശവും സംഭാവനചെയ്ത ശൂരനാട് കവിയെന്ന നിലയിലും കഴിവുറ്റ പ്രഭാഷകനെന്ന നിലയിലും ശ്രദ്ധേയനാണ്. എഴുതാനുള്ളത് പലതും എഴുതാതിരിക്കുകയും നൂറുകണക്കിന് പ്രഭാഷണങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുകയുമായിരുന്നു അദ്ദേഹം.

സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് ശൂരനാട് കുഞ്ഞൻപിള്ള ജന്മശതാബ്ദി പ്രഭാഷണം നടത്തുകയായിരുന്നു ബെഞ്ചമിൻ. ഡോ.സരസ്വതി അദ്ധ്യക്ഷത വഹിച്ചു. കേരള സാഹിത്യ അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതമാശംസിച്ചു.

ദേശീയ പുസത്കോത്സവത്തോടനുബന്ധിച്ച് സി.ഗണേഷിന്റെ **മഴനനഞ്ഞ വിത്തുകൾ** ഡോ. ഷൊർണ്ണൂർ കാർത്തികേയൻ പ്രകാശനം ചെയ്തു. വിജേഷ് എടക്കുന്നി പുസ്തകം സ്വീകരിച്ചു. ടി.ടി. പ്രഭാകരൻ അദ്ധ്യക്ഷനായിരുന്നു. സി.ഗണേഷ്, വി.കെ.കെ.രമേഷ് എന്നിവരും സംസാരിച്ചു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി

---

**ഇന്നത്തെ പരിപാടികൾ (10.01.2012)**

രാവിലെ 10 മണി
കലാസാഹിത്യ മത്സരം - കവിതാലാപനം

3 മണി
ഗ്രന്ഥശാലാ പ്രവർത്തകരെ ആദരിക്കൽ

5 മണി
പുസ്തകപ്രകാശനങ്ങൾ

5.30 മണി
ചങ്ങമ്പുഴ ജന്മശതാബ്ദി പ്രഭാഷണം

7 മണി
നൃത്തനൃത്യങ്ങൾ